(Pages : 4 + Outline map of India)

# WEFI - SSF

## SSLC - EXCELLENCY TEST - 2020

## SOCIAL SCIENCE
(MALAYALAM)

Time : 2 ½ Hours | Total Score : 80

**നിർദ്ദേശങ്ങൾ:**

- ആദ്യ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- Part - A യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. Part - B യിലെ ഓരോ ചോദ്യ നമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ.

## Part - A

Score

1. നിസ്സഹകരണ പ്രസ്ഥാനം നിർത്തി വയ്ക്കുവാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം ഏത്? (1)

2. എല്ലാ സർക്കാർ ഓഫീസുകളുടെയും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കുന്ന നിയമത്തിന്റെ പേരെഴുതുക. (1)

3. ഗംഗാ നദിയെ സംബന്ധിച്ച തെറ്റായ പ്രസ്താവനയേതെന്ന് കണ്ടത്തി ശരിയാക്കി എഴുതുക. (1)

a. യമുന ഒരു പ്രധാന പോഷക നദിയാണ്.
b. ഗോമുഖ് ഗുഹയിൽ നിന്ന് ഉത്ഭവിക്കുന്നു.
c. അറബിക്കടലിൽ ചെന്ന് ചേരുന്നു.
d. ഏകദേശം 2500 കി.മീ നീളമുണ്ട്.

4. ചുവടെ സൂചിപ്പിച്ചിട്ടുള്ളവയിൽ സംസ്ഥാന സർക്കാർ ചുമത്തുന്ന നികുതി ഏതാണ്. (1)

a. കോർപറേറ്റ് നികുതി
b. ഭൂനികുതി
c. വ്യക്തികത ആദായ നികുതി.
d. തൊഴിൽ നികുതി

5. ഇന്ത്യയിലെ ഏറ്റവും വലിയ കൃഷിയധിഷ്ഠിത വ്യവസായമേത്? (1)

6. പങ്കാളിത്ത നിരീക്ഷണ പഠനവും പങ്കാളിത്ത രഹിത നിരീക്ഷണ പഠനവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം? (3)

7. മൺസൂൺ കാറ്റിന്റെ അറബിക്കടൽ ശാഖയുടെ മുന്നേറ്റത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക? (3)

8. മൗണ്ട് ബാറ്റൺ പദ്ധതിയിൽ ഉൾപെടുത്തിയിരുന്ന പ്രധാന നിർദേശങ്ങൾ എന്തെല്ലാം? (4)

9. ഭാരതീയ റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ പട്ടികപ്പെടുത്തുക. (4)

10. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ എന്തെല്ലാം? (3)

11. ഇന്ത്യയിലെ ഖാരിഫ്, റാബി എന്നീ കാർഷിക കാലങ്ങളെ താരതമ്യം ചെയ്യുക. (3)

12. ചുവടെ നൽകിയിട്ടുള്ളവയെ കാലഗണനയ്ക്കനുസരിച്ച് ക്രമപ്പെടുത്തി എഴുതുക. (4)

- കുണ്ടറ വിളംബരം
- പണ്ടാരപ്പാട്ട വിളംബരം
- ആറ്റിങ്ങൽ കലാപം
- കുളച്ചൽ യുദ്ധം

13. സർക്കാരിന്റെ ഏതെങ്കിലും മൂന്ന് നികുതിയിതര വരുമാന സ്രോതസ്സുകളെക്കുറിച്ച് ഉദാഹരണ സഹിതം കുറിപ്പ് തയ്യാറാക്കുക. (3)

14. 1857-ലെ ഒന്നാം സ്വതന്ത്ര സമരത്തിൽ ശിപായിമാരും രാജാക്കന്മാരും ബ്രിട്ടീഷുകാർക്കെതിരെ പോരാടിയത് എന്തുകൊണ്ടെന്ന് വിശദമാക്കുക. (4)

15. ചുവടെ ചേർത്തിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. (4)

a. മഹാനദി
b. നെവാഷേവ
c. ആരവല്ലി പർവ്വതനിര
d. പശ്ചിമഘട്ടം

## Part - B

16. സ്വതന്ത്ര ഇന്ത്യ സാമ്പത്തിക രംഗത്ത് കൈവരിച്ച ഏതെങ്കിലും മൂന്ന് നേട്ടങ്ങൾ എഴുതുക. (3)

**അല്ലെങ്കിൽ**

ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങളുണ്ടാക്കുന്നതിനായി സാമൂഹ്യ പരിഷ്കർത്താക്കൾ മുന്നോട്ട് വച്ച ആവശ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണമെഴുതുക.

17. ഉപഭോക്തൃ തർക്കത്തിൽ പരാതി നൽകാവുന്ന ഏതെങ്കിലും നാല് സന്ദർഭങ്ങൾ എഴുതുക. (4)

**അല്ലെങ്കിൽ**

ജന സംഖ്യാ പഠനത്തിന്റെ ആവശ്യകത വിശദമാക്കുക.

18. മൺസൂൺ കാറ്റുകളുടെ രൂപപ്പെടലിന് കാരണമാകുന്ന ഘടകങ്ങൾ ഏതൊക്കെ? (3)

**അല്ലെങ്കിൽ**

അന്താരാഷ്ട്ര ദിനാങ്ക രേഖയുടെ സവിശേഷകൾ വ്യക്തമാക്കുക.

19. രാഷ്ട്രത്തിന്റെ വിവേചനപരമായ ചുമതലകൾ എന്തെല്ലാം? (4)

**അല്ലെങ്കിൽ**

പൗരബോധം വളർത്തുകയും നില നിർത്തുകയും ചെയ്യുന്നതിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിശദമാക്കുക.

20. സ്വാതന്ത്ര്യാന ഇന്ത്യ ബഹിരാകാശ ഗവേഷണ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തുക. (3)

**അല്ലെങ്കിൽ**

ഇന്ത്യയിൽ ദേശീയത രൂപപ്പെടുത്തുന്നതിൽ ദേശീയ വിദ്യാഭ്യാസം എത്രത്തോളം പങ്ക് വഹിച്ചിട്ടുണ്ട്. വിശദമാക്കുക.

21. മാനവ വിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങളേവ? (4)

**അല്ലെങ്കിൽ**

ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന്റെ ഘടനയും അധികാരങ്ങളും വിശദമാക്കുക.

22. 'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും കണ്ടത്തി പട്ടിക ക്രമപ്പെടുത്തുക. (4)

| | എ | ബി |
|---|---|---|
| 1 | സ്റ്റീരിയോസ് കോപ്പ് | ഭൂവിവര വ്യവസ്ഥ |
| 2 | കമ്പ്യൂട്ടർ സോഫ്റ്റ്വെയർ | സൗരസ്ഥിര ഉപഗ്രഹം |
| 3 | ഇൻസാറ്റ് | ആകാശീയ വിദൂര സംവേദനം |
| 4 | ഐ.ആർ.എസ് | ഭൂസ്ഥിര ഉപഗ്രഹം |

**അല്ലെങ്കിൽ**

റഫറൻസ് ഗ്രിഡുകൾ വിശകലനം ചെയ്ത് ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




i. നീരുറവ, കിണർ എന്നിവയുടെ സ്ഥാനം 6 അക്ക റഫറൻസ് രീതിയിൽ കണ്ടെത്തുക.
ii. ശവപ്പറമ്പ്, വാസസ്ഥലങ്ങൾ എന്നിവയുടെ സ്ഥാനം 4 അക്ക റഫറൻസ് രീതിയിൽ നിർണ്ണയിക്കുക.

23. ഒരു രാഷ്ട്രത്തിന് ഉണ്ടായിരിക്കേണ്ട അടിസ്ഥാന ഘടകങ്ങൾ വിശദമാക്കുക. (4)

**അല്ലെങ്കിൽ**

പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളി എന്താണ്? ഇത് മറികടക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

24. പ്രാദേശിക സമയം, സ്റ്റാൻഡേർഡ് സമയം, ഗ്രീനിച്ച് സമയം എന്നിവ എന്തെന്ന് വ്യക്തമാക്കുക. ഗ്രീനിച്ച് സമയം രാത്രി 12 മണിയായിരിക്കെ ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം എത്രയെന്ന് കണക്കാക്കുക. (5)

**അല്ലെങ്കിൽ**

ആഗോള മർദ്ദ മേഖലകൾക്കിടയിൽ രൂപപ്പെടുന്ന കാറ്റുകളായ വാണിജ്യ വാതങ്ങൾ, പശ്ചിമ വാതങ്ങൾ എന്നിവയെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.

25. സൂചകങ്ങളുടെ അടിസ്ഥാനത്തിൽ റഷ്യൻ വിപ്ലവം വിശദമാക്കുക. (6)

- ഫെബ്രുവരി വിപ്ലവം
- ഒക്ടോബർ വിപ്ലവം

**അല്ലെങ്കിൽ**

ഒന്നാം ലോക യുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും അപഗ്രഥിക്കുക.